LIBRARY ARCHIVES Kerala Legislative Assembly

## വെറ്ററിനറി മൊബൈൽ യൂണിറ്റ്

108 (877) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെറ്ററിനറി മൊബൈൽ യൂണിറ്റ് ഏതൊക്കെ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇത് കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ;

(സി) ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ?

ഉത്തരം

(എ) കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ മൊബൈൽ യൂണിറ്റ് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ പദ്ധതിയില്ല.

(സി) ശീതീകരിച്ച വാഹനത്തിൽ കൊണ്ടു നടക്കാവുന്ന റേഡിയോഗ്രാഫി സൗകര്യമുള്ള എക്സ്റേ സംവിധാനം, അൾട്രാസൗണ്ട് സ്കാനർ, സ്വതന്ത്ര സോഫ്റ്റ്-വെയറിൽ പ്രവർത്തിക്കുന്ന ക്യാമറ സംയോജിപ്പിച്ച ടെലി മെഡിസിൻ സൗകര്യം, തളർച്ച ബാധിച്ച പശുക്കളെ ഉയർത്തുവാനുള്ള ഉപകരണങ്ങൾ എന്നിവയോട് കൂടിയുള്ളതാണ് യൂണിറ്റ്. വിദൂര സ്ഥലങ്ങളിലെ വിദഗ്ധോപദേശം വേണ്ടുന്ന ചികിത്സാ ഘട്ടങ്ങളിൽ ഇതിൽ ഏർപ്പെടുത്തിയിട്ടുള്ള ടെലിമെഡിസിൻ സങ്കേതങ്ങളിലൂടെ മൃഗത്തിന്റെ എക്സ്റേ, സ്കാനിംഗ് ചിത്രം എന്നിവ 3 ജി സംവിധാനത്തിൽ ബേസ് സ്റ്റേഷനിലെ വിദഗ്ധരുടെ വിലയിരുത്തലിന് വിധേയമായി ചികിത്സ നിശ്ചയിക്കുന്നതിനും കൂടാതെ വെബ് ക്യാമറ സഹായത്താൽ മറ്റ് വിദഗ്ധരുമായി ചർച്ച ചെയ്തു മികച്ച ചികിത്സാസേവനം ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. ശസ്ത്രക്രിയ ഉപകരണങ്ങൾ, ലബോറട്ടറി പരിശോധനകൾക്കായുള്ള സൗകര്യങ്ങൾ എന്നിവയും ലഭ്യമാണ്. അപ്രതീക്ഷിതമായി തളർച്ച ബാധിച്ച ഉരുക്കളെ ഉയർത്തി ചികിത്സ തുടരുന്നതിന് സി-ഡാക്ക് രൂപകൽപ്പന ചെയ്ത ആനിമൽ ലിഫ്റ്റിംഗ് ഉപകരണവും വാഹനത്തിൽ തയ്യാർ ചെയ്തിട്ടുണ്ട്.

## മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ

109 (878) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ, കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്കുവേണ്ടി നീക്കിവച്ച ഫണ്ട് എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ ഇല്ല.

**കൊയിലാണ്ടി മൃഗാശുപത്രിയ്ക്ക് സൗകര്യപ്രദമായ കെട്ടിടം**

110 (879) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിലെ മൃഗാശുപത്രിയ്ക്ക് സൗകര്യപ്രദമായ കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി നഗരസഭ ഈ ആവശ്യത്തിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുന്തിയ പരിഗണന നൽകി മൃഗാശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

**ക്യാറ്റിൽ ഷെൽട്ടർ**

111 (880) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വേനലിൽ നിന്നും കന്നുകാലികളെ സംരക്ഷിക്കുവാൻ ക്യാറ്റിൽ ഷെൽട്ടർ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഈ പദ്ധതിയ്ക്കായി എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത് ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല. ആവശ്യമാണെന്നു കാണുന്ന പക്ഷം നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മൃഗസംരക്ഷണ വകുപ്പിൽ ഈ പദ്ധതിക്കായി തുക നീക്കി വച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.